# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 570 07.07.2014-ലെ മറുപടിയ്ക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള പൊതു സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. എം. എ. ബേബി<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ | | ശ്രീ.ഡോ.എം.കെ.മുനീർ<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള പൊതുസർവ്വീസ് രൂപീകരിക്കേണ്ടത് സംബന്ധിച്ച സർക്കാരിന്റെ നയം വ്യക്തമാക്കുമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 02/04/2011 മുതൽ പ്രാബല്യത്തിൽ വരത്തക്ക രീതിയിൽ തദ്ദേശസ്വയംഭരണ വകുപ്പിന് ഒരു പൊതു സർവ്വീസ് രൂപീകരിച്ചുകൊണ്ടും പൊതു സർവ്വീസിന് നിയമാനുസൃതമായി സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ടും 26.02.2011-ലെ സ.ഉ.(കൈ) നം.61/2011/തസ്വഭവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന് പൊതു സർവ്വീസ് നടപ്പിലാക്കുന്നതു സംബന്ധിച്ചുണ്ടാകാവുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ, സർവ്വീസ് പ്രശ്നങ്ങൾ എന്നിവ കൂടി കണക്കിലെടുത്തു കൊണ്ട് മാത്രമേ മേൽ വിഷയത്തിന്മേൽ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (ബി) | ഇത്തരമൊരു നിർദ്ദേശം സർക്കാർ പരിഗണിച്ചിരുന്നത് എപ്പോഴായിരുന്നുവെന്നും അതിൽ തുടർ നടപടികൾ സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണെന്നും അറിയിക്കുമോ; | (ബി) | തദ്ദേശസ്വയംഭരണ വകുപ്പിന് പൊതു സർവ്വീസ് രൂപീകരിച്ചു കൊണ്ട് 2011-ലാണ് ഉത്തരവായത്. പ്രസ്തുത സാഹചര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ആയത് നടപ്പിലാക്കുന്നതിലുള്ള |

പ്രായോഗിക ബുദ്ധിമുട്ടുകൾ, സർവ്വീസ് പ്രശ്നങ്ങൾ എന്നിവ കൂടി കണക്കിലെടുത്തുകൊണ്ട് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ വകുപ്പ് തലവന്മാരോട് ആവശ്യപ്പെടുകയും പൊതു സർവ്വീസ് രൂപീകരിക്കുന്നത് അപ്രായോഗികവും സർവ്വീസിന്റെ കാര്യക്ഷമതയെ ദോഷകരമായി ബാധിക്കുന്നതുമാണെന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയത് വിശദമായി പരിശോധിച്ചു മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ ആവുകയുള്ളു.

(സി) പൊതുസർവ്വീസ് രൂപീകരിക്കുന്നതുവഴി തദ്ദേശസ്ഥാപനങ്ങൾക്കുണ്ടാകുന്ന നേട്ടം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു പൊതുസർവ്വീസ് രൂപീകരിക്കുന്നതു കൊണ്ട് ഇപ്പോൾ ലഭ്യമാകുന്നതിൽ കൂടുതൽ നേട്ടം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടാകാൻ സാധ്യതയില്ല. ഇപ്രകാരം ഒരു പൊതുസർവ്വീസ് രൂപീകരിക്കുന്നതുമൂലം പ്രായോഗികമായി പല ബുദ്ധിമുട്ടുകളും ഉണ്ടാകാവുന്നതാണ്. വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ പ്രവൃത്തിയെടുത്തു വരുന്ന ജീവനക്കാരുടെ സേവന വേതന വ്യവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, നിലവിൽ വിവിധ വകുപ്പുകളിലെ ഒരേ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന സമാന ശമ്പള സ്കെയിലിലുള്ള ഉദ്യോഗസ്ഥരുടെ നിയമനങ്ങൾ, ഏകോപനം മുഖേനയുണ്ടാകുന്ന സീനിയോറിറ്റി സംബന്ധമായ പ്രശ്നങ്ങൾ, പ്രൊമോഷൻ സംബന്ധമായ പ്രശ്നങ്ങൾ എന്നിവ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വകുപ്പുകളിൽ വലിയ ഭരണ പ്രതിസന്ധിയുണ്ടാക്കാനിടയുണ്ട്. കൂടാതെ വകുപ്പുകളുടെ ഏകോപനത്തിലൂടെയുണ്ടാകുന്ന ഭരണപരമായ

ബുദ്ധിമുട്ടുകൾ, പ്രാദേശിക തലത്തിലുണ്ടാകുന്ന നിരവധി പ്രശ്നങ്ങൾ, പദ്ധതി നിർവ്വഹണത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ, വ്യത്യസ്ത ഇനത്തിൽ ലഭ്യമാകുന്ന കേന്ദ്ര സംസ്ഥാന ഫണ്ടുകളുടെ വിനിയോഗത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ, ആസ്തികൾ സംബന്ധിച്ച വിഷയങ്ങളിൽ പ്രാദേശിക കമ്മിറ്റികളിൽ നിന്നുള്ള എതിർപ്പുകൾ, തനത് ഫണ്ടുകളുടെ വിനിയോഗത്തിലുണ്ടായേക്കാവുന്ന വിഷമതകൾ, പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതു സംബന്ധിച്ച വിഷയങ്ങൾ എന്നിങ്ങനെ ഒട്ടനവധി പ്രായോഗിക ബുദ്ധിമുട്ടുകൾ വകുപ്പുകളുടെ ഏകീകരണം മുഖാന്തിരം സംജാതമാകുവാൻ ഇടയുണ്ട്. കേരള മുനിസിപ്പൽ ആക്ട്, കേരള പഞ്ചായത്ത് രാജ് ആക്ട് എന്നിവയുടെ പ്രായോഗിക തലത്തിലുള്ള നിർവ്വഹണത്തിന് വകുപ്പുകളുടെ സംയോജനംവഴി അത്യധികം ബുദ്ധിമുട്ട് ഉണ്ടാകുവാൻ ഇടയാകുന്നതാണ്. ഇപ്രകാരമുള്ള നടപടികൾ ജീവനക്കാർക്കിടയിൽ അതൃപ്തിക്കിടയാക്കുകയും, ഇത് മൂലം വകുപ്പിന്റെ പല കാര്യങ്ങളിലും ഉദ്ദേശലക്ഷ്യപ്രാപ്തി കൈവരിക്കാൻ സാധിക്കാതെ വരികയും ചെയ്യും.

സെക്ഷൻ ഓഫീസർ